ജോർജ്ജിയൻ

കുഴിമറ്റം സെന്റ് ജോർജ് യുവജനപ്രസ്ഥാനം പ്രസിദ്ധീകരണം | പുസ്തകം 14 | ലക്കം 1 | ഫെബ്രുവരി 2010 | പേജ് 4

ജോർജ്ജിയന്റെ അനുമോദനങ്ങൾ

യുവജനപ്രസ്ഥാനം കേന്ദ്ര വൈസ് പ്രസിഡണ്ട്

ഫാ. ജേക്കബ് മാത്യു ചന്ദ്രത്തിൽ

യുവജനപ്രസ്ഥാനം ഭദ്രാസന വൈസ് പ്രസിഡണ്ട്

ഫാ. ദീപു ഫിലിപ്പ് എള്ളാലയിൽ

യുവജനപ്രസ്ഥാനം കേന്ദ്ര പത്രാധിപ സമിതിയംഗം

രഞ്ജു കെ. മാത്യു

ഇടവകയുടെ അഭിമാനം

ഷെറിൻ ജോൺ പുകടിയിൽ

(സംസ്ഥാന സി. ബി. എസ്. ഇ. കലോത്സവത്തിൽ ഹിന്ദി കവിതാ രചനയിൽ ഒന്നാം സ്ഥാനം നേടിയ ഷെറിൻ പുകടിയിൽ പി. സി. ജോണിന്റെയും എലിസബേത്തിന്റെയും പുത്രിയും കോട്ടയം ലൂർദ്ദ് പബ്ലിക് സ്കൂൾ പത്താം ക്ലാസ്സ് വിദ്യാർത്ഥിനിയുമാണ്.)

കാതോലിക്കേറ്റ് സ്ഥാപന ശതാബ്ദി ആഘോഷങ്ങൾക്ക് തുടക്കം

തിരുവല്ല: മലങ്കരസഭയുടെ വേരുകൾ ഒരിക്കലും അറ്റുപോകില്ലെന്ന് ശ്രേഷ്ഠ നിയുക്ത കാതോലിക്കാ പൗലോസ് മാർ മിലിത്തിയോസ്. കാതോലിക്കേറ്റ് സ്ഥാപനത്തിന്റെ ശതാബ്ദി ആഘോഷങ്ങളുടെ ലോഗോ പ്രകാശനത്തോടനുബന്ധിച്ചു നിരണം വലിയ പള്ളിയിൽ നടന്ന സമ്മേളനത്തിൽ അദ്ധ്യക്ഷ പ്രസംഗം നടത്തുകയായിരുന്നു അദ്ദേഹം. ലോഗോയുടെ പ്രകാശനം ആഘോഷ സമിതി ചെയർമാൻ തോമസ് മാർ അത്താനാസിയോസിന് നല്കി ശ്രേഷ്ഠ നിയുക്ത കാതോലിക്കാ നിർവ്വഹിച്ചു.

ജസ്റ്റീസ് ബഞ്ചമിൻ കോശി മുഖ്യപ്രഭാഷണം നടത്തി. ഡോ. യൂഹാനോൻ മാർ ക്രിസോസ്റ്റമോസ്, അസോസിയേഷൻ സെക്രട്ടറി ഡോ. ജോർജ് ജോസഫ്, ജനറൽ കൺവീനർ ഫാ. കുര്യൻ ഡാനിയേൽ, ജോസ് കുര്യൻ, ഫാ. വർഗീസ് ജോർജ് എന്നിവർ പ്രസംഗിച്ചു.

ആഘോഷങ്ങൾക്ക് തുടക്കം കുറിച്ച് 20-12-09 ഞായറാഴ്ച രാവിലെ 7.30 ന് മെത്രാപ്പോലീത്താമാരും വൈദികരും ഉൾപ്പെടെ അംശവസ്ത്രം ധരിച്ച 101 പേരുടെ കാർമികത്വത്തിൽ വിശുദ്ധ കുർബാന നടന്നു.

ശ്രേഷ്ഠ നിയുക്ത കാതോലിക്കാ പൗലോസ് മാർ മിലിത്തിയോസ് മുഖ്യ കാർമ്മികത്വം വഹിച്ചു.

- ജോർജിയൻ ടീം

മലങ്കര അസോസിയേഷൻ ഫെബ്രുവരി 17-ന് ശാസ്താംകോട്ടയിൽ

കോട്ടയം: ഫെബ്രു. 17-ന് ശാസ്താംകോട്ടയിൽ നടക്കുന്ന മലങ്കര അസോസിയേഷനിൽ മെത്രാൻ തിരഞ്ഞെടുപ്പിനുള്ള 11 പേരുടെ ലിസ്റ്റ് മാനേജിംഗ് കമ്മിറ്റി അംഗീകരിച്ചു.

ഫാ. വി. എം. ജയിംസ് (ശാസ്താംകോട്ട മൗണ്ട് ഹോറേബ് ആശ്രമം), ഫാ. ഡോ. ജോൺ മാത്യൂസ് (കോട്ടയം ഓർത്തഡോക്സ് സെമിനാരി), ഫാ. ഡോ. നഥനിയേൽ റമ്പാൻ (മിഷൻ ട്രയിനിംഗ് സെന്റർ, മാവേലിക്കര), ഗീവർഗീസ് റമ്പാൻ ഇലവുക്കാട്ട്, ഫാ. സ്കറിയ ഒ. ഐ. സി. (ബഥനി ആശ്രമം, റാന്നി), ഫാ. കെ. മാത്തുക്കുട്ടി (ചെങ്ങമനാട് ആശ്രമം), ഫാ. യൂഹാനോൻ റമ്പാൻ (ഹോളി ട്രിനിറ്റി ആശ്രമം, റാന്നി), ഫാ. എം. കെ. കുര്യൻ (അങ്കമാലി), ഫാ. ഡോ. സാബു കുറിയാക്കോസ് (കോട്ടയം ഓർത്തഡോക്സ് സെമിനാരി), ഫാ. ഡോ. ജോർജ്ജ് പുലിക്കോട്ടിൽ (നാഗ്പൂർ സെമിനാരി), ഫാ. ഡോ. വി. എം. ഏബ്രഹാം (എം.ജി.ഒ.സി.എസ്.എം.) എന്നിവരാണ് 11 അംഗ ലിസ്റ്റിലുള്ളത്.

17-നു നടക്കുന്ന മലങ്കര അസോസിയേഷൻ ഈ ലിസ്റ്റിൽ നിന്ന് 7 പേരെ തിരഞ്ഞെടുക്കും. ആറാം കാതോലിക്കാ പ. മാത്യൂസ് ദ്വിതീയൻ ബാവാ കബറടങ്ങിയിരിക്കുന്ന ശാസ്താംകോട്ടയിൽ പ. ദിദിമോസ് പ്രഥമൻ ബാവായുടെ അദ്ധ്യക്ഷതയിലാണ് തിരഞ്ഞെടുപ്പ്.

മെത്രാൻ തിരഞ്ഞെടുപ്പ് സ്ഥാനാർത്ഥികൾ



ഫാ. വി. എം. ജയിംസ്

ഫാ. ജോൺ മാത്യൂസ്



ഫാ. നഥനിയേൽ റമ്പാൻ

ഫാ. ഗീവർഗീസ് റമ്പാൻ



ഫാ. സ്കറിയ ഒ. ഐ. സി.



ഫാ. കെ. മാത്തുക്കുട്ടി



ഫാ. യൂഹാനോൻ റമ്പാൻ

ഫാ. എം. കെ. കുര്യൻ



ഫാ. സാബു കുറിയാക്കോസ്,

ഫാ. ജോർജ്ജ് പുലിക്കോട്ടിൽ



ഫാ. വി. എം. ഏബ്രഹാം

ഇടവക പെരുന്നാളിന് തുടക്കം

കുഴിമറ്റം: കുഴിമറ്റം സെന്റ് ജോർജ് ഓർത്തഡോക്സ് പള്ളിയുടെ വലിയ പെരുന്നാളും കൺവൻഷനും വികാരി ഫാ. എ. വി. വർഗീസ് കൊടിയേറ്റിയതോടെ തുടക്കമായി. ശനി, ഞായർ ദിവസങ്ങളിലെ കൺവൻഷന് ഫാ. സഖറിയാ തോമസ്, ഫാ. പി. കെ. വർഗീസ് എന്നിവർ നേതൃത്വം നൽകും. പെരുന്നാൾ ചടങ്ങുകൾക്ക് കണ്ടനാട് ഈസ്റ്റ് ഭദ്രാസന മെത്രാപ്പോലീത്താ അഭി. ഡോ. മാത്യൂസ് മാർ സേവേറിയോസ് മുഖ്യ കാർമ്മികത്വം വഹിക്കും. സന്ധ്യാ നമസ്ക്കാരം, പ്രസംഗം, റാസ, സെമിത്തേരിയിൽ ധൂപപ്രർത്ഥന, വി. മൂന്നിന്മേൽ കുർബ്ബന, നേർച്ച വിളമ്പ്, മരണാനന്തര പരസ്പര സഹായനിധി ഫണ്ട് സ്വീകരണം, പരീഷ്ഹാൾ കൂദാശ എന്നിവ പെരുന്നാൾ ദിവസങ്ങളിൽ നടക്കും.

ജോർജിയൻ

ഫെബ്രുവരി 2010

പുസ്തകം 14 ലക്കം 1

എഡിറ്റോറിയൽ

ഇടവക ഒരു കുടുംബം

യുവജനപ്രസ്ഥാനം കഴിഞ്ഞ കാലങ്ങളിൽ അവതരിപ്പിച്ച 'ഇടവക ഒരു കുടുംബം' എന്ന ആശയം നമ്മുടെ ഇടവകയിലും യാഥാർത്ഥ്യമാകുന്നു. 'മരണാനന്തര പരസ്പര സഹായനിധി' അതിന്റെ തുടക്കമായി നമുക്ക് കാണാം. ഇടവകയിൽ ഒരു മരണം ഉണ്ടാകുമ്പോൾ ആ കുടുംബത്തിന് പെട്ടെന്ന് ഉണ്ടാകുന്ന സാമ്പത്തിക ആവശ്യത്തിന് പതിനായിരം രൂപ നൽകുന്നത് തികച്ചും മാതൃകാപരമാണ്. ഇടവകയിലെ ഓരോ ഭവനവും നൽകുന്ന 25 രൂപ സ്വരൂപിച്ചാണ് ഈ പണം നൽകുന്നത്. സാമ്പത്തിക പ്രയാസമനുഭവിക്കുന്ന നമ്മുടെ ഇടവകയിലെ കുടുംബങ്ങൾക്ക് ഇത് വളരെ വലിയ സഹായമാണ്. ഇടവകാംഗങ്ങളുടെ മുഴുവൻ സഹകരണത്തോടെ ഒരു വലിയ മുന്നേറ്റമായി ഈ പദ്ധതി നമുക്ക് മാറ്റിയെടുക്കണം. ഓരോ പതിനഞ്ച് വീടുകൾക്കും ഒരോ പ്രവർത്തകന്റെ നേതൃത്വത്തിൽ ഈ പദ്ധതി മുന്നോട്ട് കൊണ്ടുപോകാനാണ് ഇടവക ആഗ്രഹിക്കുന്നത്. വളരെ വിപുലമായ ഈ പദ്ധതിയിൽ ഓരോ ഇടവകാംഗങ്ങൾക്കും സജീവമായി പങ്കുചേരാം.

നമ്മുടെ പുതിയ പാരീഷ് ഹാൾ നിർമ്മാണം വളരെ വേഗം 22 ദിവസം കൊണ്ട് നാലര ലക്ഷത്തോളം രൂപ ചെലവഴിച്ച് ഭംഗിയായി പൂർത്തീകരിക്കുവാൻ നമുക്ക് കഴിഞ്ഞിരിക്കുന്നു. ഏവരും ഒരേ മനസ്സോടെ ഒറ്റക്കെട്ടായി നിന്ന് പ്രവർത്തിച്ചതാണ് ഈ വിജയത്തിന് കാരണം. വികാരി ഫാ. എ. വി. വർഗീസ്, ട്രസ്റ്റി കെ. ജെ. സ്കറിയ, സെക്രട്ടറി ബിജി പി. ഏബ്രഹാം, കൺവീനർ ബാബുക്കുട്ടി ഈപ്പൻ, കമ്മറ്റിയംഗങ്ങളായ ബേബി പോൾ, കുര്യാക്കോസ് ഫിലിപ്പ്, റജി പി. വർഗീസ്, ജോബി പുന്നൻ എന്നിവരെയും മാനേജിംഗ് കമ്മറ്റിയംഗങ്ങളെയും അഭിനന്ദിക്കുന്നു. നമ്മുടെ തുടർ വികസന പ്രവർത്തനങ്ങൾക്കും ഒരേ മനസ്സോടെ നമുക്ക് മുന്നോട്ട് പോകാം...

നിങ്ങളുടെ

രഞ്ജു കെ. മാത്യു
എഡിറ്റർ

ജോർജിയൻ

രക്ഷാധികാരി

ഫാ. എ. വി. വർഗീസ് ആറ്റുപുറം

എഡിറ്റർ

രഞ്ജു കെ. മാത്യു
കരോട്ടുപുത്തൻ പുരയ്ക്കൽ

എഡിറ്റോറിയൽ ബോർഡ്

രാജ് ഫിലിപ്പ് മുതലകേരിൽ
ഗീവർഗീസ്. സി. ആർ ചിറപ്പുറം
സജിൻ പി. സാജൻ പട്ടശ്ശേരിൽ

ഒരു നിമിഷം

നിങ്ങളുടെ വിലയേറിയ അഭിപ്രായങ്ങളും നിർദ്ദേശങ്ങളും നിങ്ങളുടെ സൃഷ്ടികളും ഞങ്ങൾക്ക് അയയ്ക്കുക.

എഡിറ്റർ
ജോർജിയൻ
സെന്റ് ജോർജ്
ഓർത്തഡോക്സ് ചർച്ച്
കുഴിമറ്റം പി. ഒ.
കോട്ടയം പിൻ: 686 533

ലേഖനം

"ഇന്ന്" ജനിച്ച ശിശു

ഫാ. എ. വി. വർഗീസ് ആറ്റുപുറം (വികാരി)

ലോകരക്ഷകനായ യേശുക്രിസ്തുവിന്റെ ജനനം നാം ക്രിസ്തുമസ് ആയി ആഘോഷിച്ചുവല്ലോ. സമസ്ത ലോകത്തിനുമുള്ള സമാധാന ദൂതാണ് യേശു തന്റെ ജനനത്തിൽകൂടി ലോകത്തിന് നൽകിയത്.

വി. ലൂക്കോസ് 2:8-18 വരെ വായിക്കുമ്പോൾ ലോകത്തിലാദ്യമായി യേശുവിന്റെ, ജനനത്തിൽ ക്രിസ്മസ്സ് സന്ദേശം ലഭിച്ച ഇടയൻമാരുടെ ചിത്രം നാം കാണുന്നുണ്ട്.

"കർത്താവായ ക്രിസ്തു എന്ന രക്ഷിതാവ് ഇന്ന് ദാവീദിന്റെ പട്ടണത്തിൽ നിങ്ങൾക്കായി ജനിച്ചിരിക്കുന്നു" (ലൂക്കോ. 2:11).

എല്ലാവരാലും തൃണവൽഗണിക്കപ്പെട്ട താഴ്ക്കിടയിലുള്ള, സ്വയം ഗണ്യവൽക്കരിക്കപ്പെട്ട ഈ ഇടയകൂട്ടത്തിന് മാത്രം ലഭിക്കുന്ന ഒരു സ്വർഗ്ഗീയ സൗഭാഗ്യമാണിത്. സ്വർഗ്ഗീയ തേജസ്സ് അവരെ ചുറ്റിമിന്നി. അവർ ഭയപരവശരായിത്തീർന്നു. 'ഭയപ്പെടേണ്ട സർവ്വജനത്തിനും ഉണ്ടാകുവാനുള്ളൊരു മഹാസന്തോഷം ഞാൻ നിങ്ങളോടറിയിക്കുന്നു.'

"I bring you good tidings of great joy which shall be to all people " (വാക്യം 10).

"ഭയപ്പെടേണ്ട" എന്ന സമാധാനാശംസ ഭയചകിതരായി ഇരിക്കുന്ന സർവ്വ മാനവജാതിക്കും ഉള്ള മഹാസന്തോഷത്തിന്റെ സന്ദേശമാകുന്നു.

വാക്യം 11-ൽ സർവ്വജനത്തിനുമുള്ള മഹാസന്തോഷത്തിന്റെ ദൂത് പ്രഖ്യാപിക്കുന്നു. "കർത്താവായ ക്രിസ്തു എന്ന രക്ഷിതാവ് ഇന്ന് നിങ്ങൾക്കായി ദാവീദിന്റെ പട്ടണത്തിൽ ജനിച്ചിരിക്കുന്നു". ഈ സദ് വർത്തമാനം കേൾക്കുന്ന ആരാണ് സന്തോഷിക്കാനുള്ളത്?

'ഇന്ന് ജനിച്ചിരിക്കുന്നു' എന്ന വാക്ക് വളരെ പ്രധാനപ്പെട്ടതാണ്. ഇന്ന് ക്രിസ്തുമസ്, ആഘോഷങ്ങളായി മാത്രം മാറുന്നു. ക്രിസ്തു ഉള്ളിൽ ജനിക്കുന്ന ആത്മീയാനുഭവങ്ങൾ വിട്ട് ബാഹ്യമായ ആഘോഷങ്ങളിൽ മാത്രം ആ ജനനം കണ്ടെത്തുന്ന യുവതലമുറ ക്രിസ്തുവിനെ ജനിപ്പിക്കുകയല്ല, മരിപ്പിക്കുകയാണ് ചെയ്യുന്നത്.

ക്രിസ്തു ഉള്ളിൽ ജനിക്കുന്ന ആത്മീയാനുഭവങ്ങൾ വിട്ട് ബാഹ്യമായ ആഘോഷങ്ങളിൽ മാത്രം ആ ജനനം കണ്ടെത്തുന്ന യുവതലമുറ ക്രിസ്തുവിനെ ജനിപ്പിക്കുകയല്ല, മരിപ്പിക്കുകയാണ് ചെയ്യുന്നത്.

14-ാം വാക്യത്തിൽ സ്വർഗ്ഗീയ മാലാഖമാരുടെ പാട്ട് വെളിപ്പെടുത്തിയിരിക്കുന്നു. "അത്യുന്നതങ്ങളിൽ ദൈവത്തിന് മഹത്വം ഭൂമിയിൽ ദൈവ പ്രസാദമുള്ളവർക്ക് സമാധാനം." അസ്വസ്ഥതയും അശാന്തിയും നിലകൊള്ളുന്ന ഇന്നത്തെ ലോക പ്രക്രിയയിൽ ഈ സന്ദേശത്തിന് വളരെ സാംഗത്യമുണ്ട്. ഭീകരവാദത്തിന്റെയും അരാജകത്വത്തിന്റെയും ഭീഷണിയിൽ ലോകം നിലകൊള്ളുമ്പോൾ ദൈവപ്രസാദരായി തീരുകയെന്നത് വളരെയേറെ വെല്ലുവിളിയുയർത്തുന്ന ഒന്നായിരിക്കാം. എന്നാൽ ക്രിസ്തുവിന്റെ ജനനം തരുന്ന സമാധാന ചിന്തകൾ ആത്മീയ സമാധാനവും ദൈവപ്രസാദവരങ്ങളും നമ്മുടെ ജീവിതത്തിൽ നിന്ന് നഷ്ടമാകാതിരിക്കുവാൻ നമുക്ക് സംഗതിയാകട്ടെയെന്ന് പ്രാർത്ഥിക്കുന്നു.

കവിത

സത്യദീപം

നിൻ വചനമെന്നാത്മാവിൽ സാന്നിദ്ധ്യം
അനുഗ്രഹമേകുന്നീ അൾത്താരയിൽ
നിറദീപമാകുന്ന മെഴുതിരികൾ
ഉരുകുന്ന നൊമ്പരം അറിയുന്നുവോ.....

ഇത് മുന്നിലർപ്പിച്ച വിശ്വാസി, നിൻ-
തണലിന്റെ കരം കേണ പ്രാർത്ഥനയോ
ഉരുകുന്ന തിരികൾ തൻ സഹതാപമോ
അലിവിന്റെ നാഥാ നീ അറിയുന്നത്.

ആയിരം മോഹങ്ങൾ ഓരോ നിമിഷവും
നിൻ മുമ്പിൽ കരയുന്ന മാനവരേക്കാൾ
ദീപമായി തൃജിക്കുന്ന ജീവിതം
പരിപൂർണതയെന്നതു നിത്യ സത്യം

അന്ധകാര മേറുന്നീ ഉലകത്തിൽ
ദീപമായി അലിയുന്ന ജീവിതത്തെ
നനവൂർന്ന മിഴികളാൽ ഞാൻ അറിയുന്നു
നിൻ കരങ്ങളെന്നും കരുതും.....

- സിജിത് കുന്നപ്പള്ളി

കാർഷികരംഗം

റബ്ബർ: പൊൻമുട്ട ഇടുന്ന താറാവ്

കെ. ജെ. ജോർജ്ജ് (പ്രസിഡണ്ട്, കുഴിമറ്റം റബ്ബർ ഉല്പാദക സംഘം)

അത്യുല്പാദനശേഷി ഉള്ള റബ്ബർ മരങ്ങൾ കൃഷി ചെയ്യുന്ന രീതി ചെറുകിട നാമ മാത്ര കർഷകരിൽ 75% അതവർത്തിച്ചു വരുന്നുണ്ട്. ശാസ്ത്രീയമായ കൃഷി രീതികൾ അവലംഭിക്കുന്നതിൽ കർഷകർ ബന്ധശ്രദ്ധാലുക്കളാണെങ്കിലും വിളവെടുപ്പിന്റെ കാര്യത്തിൽ ശാസ്ത്രീയ സമീപനം ജാസ്തിയാണ്. പട്ടമരപ്പ് ഉല്പദാന കുറവ് മുതലായവ കൊണ്ട് അകാലത്തിൽ ആവർത്തന കൃഷിയും പ്രേരിതരാകാറുണ്ട്. ഇടവേള കൂടിയ ടാപ്പിംഗ് രീതി അനുഷ്ടിച്ചാൽ ഉല്പാദനശേഷി മെച്ചപ്പെടും, പട്ടമരപ്പ് കുറയ്ക്കാനും ഇടയാകും.

അത്യുല്പദനശേഷി ഉള്ള റബ്ബർ മരങ്ങളിൽ കാഠിന്യം കൂടിയ ടാപ്പിംഗ് നടത്തുമ്പോൾ കൂടുതൽ പാൽ ചോർത്തി എടുക്കാമെങ്കിലും അതിനോട് പ്രകൃതിയുടെ പ്രതികരണമെന്ന രീതിയിൽ പട്ടമരപ്പ് ഉണ്ടാകുന്നു എന്നാണ് വിദഗ്ദ്ധ അഭിപ്രായം. ഒന്നിരാടം ദിവസങ്ങളിൽ ടാപ്പിംഗ് ചെയ്യുന്ന ഇപ്പോഴത്തെ രീതി മാറ്റി മൂന്നു ദിവസത്തിൽ ഒരിക്കൽ എന്ന രീതി അവലംബിച്ച് ഉത്തേജക ഔഷധങ്ങൾ ഉപയോഗിച്ച് ഇടവേള കൂടി ഉല്പാദന ചിലവ് കുറച്ച് 'റബ്ബർ പാൽ' ഉല്പാദനം വളരെ വർദ്ധിപ്പിക്കാനും പരമാവധി ആദായം വർദ്ധിപ്പിക്കാനും സാധിക്കും. ചെറുകിട നാമമാത്ര കർഷകർ സ്വന്തമായി ടാപ്പിംഗ് പരിശീലനം ലഭിച്ച് ടാപ്പു ചെയ്താൽ തൊഴിലാളികളുടെ ദൗർലഭ്യങ്ങളിൽ നിന്നും രക്ഷപെടാനും ഉല്പാദനം കൂട്ടാനും സാധിക്കും.

''എത്ത ഫോൺ'' എന്ന ഉത്തേജക ഔഷധം പട്ടയിൽ കാലിരട്ടി വെളിച്ചെണ്ണയുമായി ചേർത്ത് ടൂത്ത് ബ്രഷ് ഉപയോഗിച്ച് വെട്ടുപട്ടയിൽ തേച്ച് മൂന്നോനാലോ ദിവസത്തിൽ ഒരിക്കൽ റബ്ബർ ടാപ്പ് ചെയ്താൽ റബ്ബർ പാൽ ഉല്പാദനം കൂടുകയും പട്ടമരപ്പ് ഉള്ള മരങ്ങളിൽ നിന്ന് ന്യായമായ രീതിയിൽ പാൽ ലഭിക്കുകയും ചെയ്യും. ഒരു വർഷം മൂന്നോനാലോ പ്രാവശ്യം മാത്രം ഔഷധം ഉപയോഗിക്കാവുന്നതാണ്.

സ്വന്തമായ ഭാവനയും ഇച്ഛയും അനുസരിച്ച് പ്രകൃതിക്ക് ഇണങ്ങുന്ന പരിചരണ മുറകൾ ചെയ്ത് രാസവളങ്ങൾക്ക് അമിത പ്രാധാന്യം കൊടുക്കാതെ ജൈവളങ്ങൾ ഉപയോഗിച്ച് കർഷകർ കാർഷിക മേഖലയിലെ വഴിവിളക്കുകൾ ആകണം. ചെറുകിട റബ്ബർ വ്യാപാരികളിൽ നിന്നുള്ള ചൂഷണം ഈ കാലഘട്ടത്തിൽ അമിതമാണ്. ഉല്പാദിപ്പിക്കുന്ന റബ്ബർ ഷീറ്റുകളിൽ കുറഞ്ഞത് 50 ശതമാനം എങ്കിലും R.M.A IV ഷീറ്റാണങ്കിലും റബ്ബർ ലോട്ടിന്റെ C5 ഐ. എസ്. എസ്, ന്റെ വിലയിൽ ഒരു രൂപ എങ്കിലും താഴ്ന്ന വിലയോ ഏകദേശം IV-ാം റബ്ബറിന്റെ വിലയെക്കാൾ പത്തുരൂപ കുറച്ചേ കർഷകുടെ റബ്ബറിന് ലഭിക്കാറുള്ളൂ. മെച്ചപ്പെട്ട വില മാർക്കറ്റ് നിരക്കിൽ ലഭിക്കാൻ റബ്ബർ ഉല്പാദക സംഘങ്ങൾ മുഖേന വില്പന നടത്താൻ ശ്രദ്ധിക്കണം. റബ്ബർ കർഷകർക്കാവശ്യമായ ജൈവവളം ആസിഡ്, റബ്ബർ കോട്ട്, റെയിൻ ഗാർഡ് മുതലായവ റബ്ബർ ബോർഡിന്റെ ലഭ്യമായ സബ്സിഡിയോടെ കർഷകർക്ക് ലഭിക്കുന്നതിന് ഉല്പാദക സംഘത്തെ സമീപിക്കാവുന്നതാണ്.

റബ്ബർ ഷീറ്റിന് ''സ്വർണ്ണനിറം'' ലഭിയ്ക്കാനും പൂപ്പലിൽ നിന്ന് രക്ഷപെടാനും "ഗോൾഡൻ ടച്ച്" എന്ന പൊടി ആസിഡിൽ ചേർത്ത് ഉറ ഒഴിച്ചാൽ RMA IV-ാം റബ്ബർ ഷീറ്റ് ഉല്പാദിപ്പിക്കാം. ഇപ്പോൾ റബ്ബർ തോട്ടത്തിൽ കൈതകൃഷി ഇടവിളയായി ചെയ്യാറുണ്ട്. റബ്ബർ പാൽ ഉല്പാദനം കുറയുവാൻ സാദധ്യതയുണ്ടെന്നുള്ള നിർദ്ദേശം ലഭിക്കാറുള്ളതുകൊണ്ട് വിദഗ്ദ്ധ ഉപദേശം സ്വീകരിച്ചശേഷമേ ഈ കൃഷി ഇടവിളയായി സ്വീകരിയ്ക്കാവൂ. കർഷകരുടെ കൂട്ടായ്മയ്ക്കും കൂട്ടായ വിലപേശലിനും വിഭവശേഷി വർദ്ധിപ്പിക്കുവാനും ഉല്പാദക സംഘത്തിനു സാധിക്കും. പൊൻമുട്ട ഇടുന്ന താറാവിനെ - റബ്ബർ - കൊല്ലാതിരിക്കാൻ കർഷകർ അതീവ ശ്രദ്ധാലുക്കളായിരിക്കണം.

വി. യൂദാശ്ലീഹായോടുള്ള പ്രാർത്ഥന

മിശിഹായുടെ സ്നേഹിതനും വിശ്വസ്തദാസനുമായ വി. യൂദാശ്ലീഹായേ, ഏറ്റവും കഷ്ടപ്പെടുന്ന എനിക്കുവേണ്ടി അപേക്ഷിക്കേണമേ. യാതൊരു സഹായവും ഫലസിദ്ധിയില്ലാതെ വരുന്ന സന്ദർഭത്തിൽ ഏറ്റവും ത്വരിതവും ഗോചരവുമായ സഹായം ചെയ്യുന്നതിന് അങ്ങേയ്ക്കു വിശേഷവിധിയായി കിട്ടിയിരിക്കുന്ന അനുഗ്രഹത്തെ അങ്ങുപയോഗിക്കേണമേ. എന്റെ എല്ലാ ആവശ്യങ്ങളിലും വിശിഷ്യ (ആവശ്യം പറയുക) അങ്ങേ സഹായം ഞാനപേക്ഷിക്കുന്നു. ഭാഗ്യപ്പെട്ട യൂദാശ്ലീഹായേ, അങ്ങേ ഈ അനുഗ്രഹത്തെ ഞാൻ സദാ ഓർക്കുമെന്നും അങ്ങേ സ്തുതികളെ ലോകമെങ്ങും അറിയിക്കുമെന്നും ഞാൻ വാഗ്ദാനം ചെയ്യുന്നു. ആമേൻ.

ലേഖനം

ദൈവത്തിന്റെ കണക്കുകൂട്ടൽ

രാജ് ഫിലിപ്പ് മുതലകേരിൽ

"ദൈവം നോഹയോട് കൽപ്പിച്ചത് എന്തെന്നാൽ: പെട്ടകത്തിന്റെ നീളം 300 മുഴം, വീതി 50 മുഴം ഉയരം 30 മുഴം" (ഉല്പത്തി 6:15).

ജീവിതം മുങ്ങിപ്പോകാതിരിക്കണമെങ്കിൽ അത് നിയതമായ അളവുകളിൽ തന്നെ നിർമ്മിക്കണം. പഴയനിയമത്തിലുടനീളം മനുഷ്യന് നിർമ്മാണത്തിന്റെ ഓരോ ഘട്ടത്തിലും ദൈവം അളവുകൾ നൽകുന്നതായാണ് കാണുന്നത്. ദൈവം മോശയോട് കൽപ്പിക്കുന്നത് ശ്രദ്ധിക്കുക. "എനിക്ക് ഒരു വിശുദ്ധ മന്ദിരം ഉണ്ടാക്കേണം. തിരുനിവാസവും അതിന്റെ ഉപകരണങ്ങളും ഞാൻ കാണിക്കുന്ന മാതൃകയിൽ ഉണ്ടാക്കേണം. ഖദിരമരം കൊണ്ട് ഒരു പെട്ടകം ഉണ്ടാക്കേണം. അതിന് 2 1/2 മുഴം നീളവും 1 1/2 മുഴം വീതിയും വേണം" (പുറ. 25:9). യാഗപീഠം നിർമ്മാണം നോക്കുക. "അതിന് 5 മുഴം നീളവും 5 മുഴം വീതിയിൽ സമചതുരവും 3 മുഴം ഉയരവും ഉണ്ടാകേണം" (പുറ. 27: 2).

അളവുകൾ എത്ര കൃത്യം. ദൈവം ഈ ചരാചര പ്രപഞ്ചം സൃഷ്ടിച്ചതും ഇതേ അളവ് ഉപയോഗിച്ചാണോ? സൃഷ്ടിയുടെ പൂർണതയിൽ അവ 'നല്ലത്' എന്ന് കാണുവാൻ മാത്രം സൗന്ദര്യം സൃഷ്ടിക്ക് നൽകിയ മാത്തമാറ്റിക്സ് എന്തായിരിക്കും?

ദൈവിക അനുപാതം

പൂജ്യത്തിൽ നിന്ന് അല്ല ഫിബൊനോസി (Fibonacci series) സംഖ്യശ്രേണി ആരംഭിക്കുന്നത് എങ്കിലും പൂജ്യത്തിൽ നിന്ന് ആരംഭിക്കാം. 0, 1, 1, 2, 3, 5, 8, 13, 21, 34, 55, 89, 144... ഈ സംഖ്യാശ്രേണിയാണ് Fibonacciseries. സൃഷ്ടിയുടെ സൗന്ദര്യം ദൈവം അവാഹിച്ചു വച്ചിരിക്കുന്നത് ഈ സംഖ്യകൾക്കിടയിലാണ്. ആദ്യസംഖ്യ 0 എന്ന് സങ്കൽപ്പിക്കുക, അടുത്ത സംഖ്യ 0+1=1, അതിനടുത്ത സംഖ്യ 1+1=2, അതിനടുത്തത് 1+2=3. അങ്ങനെ അടുത്ത സംഖ്യകൾ തമ്മിൽ കൂട്ടിയാൽ അതിനടുത്ത സംഖ്യ ലഭിക്കും. തൊട്ടടുത്തുള്ള രണ്ട് ഫിബൊനോസി സംഖ്യകൾ തമ്മിൽ ഹരിച്ചാൽ, സംഖ്യകൾ വലുതാകും തോറും അനുപാതം 1.618 ആയി സ്ഥിരപ്പെടും. ഉദാ. 55/34 = 1.6, 144/89 = 1.618. 1.618 ആണ് golden ratio അല്ലെങ്കിൽ divine proportion (ദൈവിക അനുപാതം).

പ്രകൃതിസൗന്ദര്യത്തിന്റെ ഗണിതശാസ്ത്രം അടങ്ങിയ ചെപ്പാണ് Fibonacci അക്കങ്ങളുടെ മാലയും ദൈവിക അനുപാതവും.

പ്രകൃതിയിൽ ഒന്ന് കണ്ണോടിക്കാം

പ്രകൃതിയിൽ കാണുന്ന മിക്ക പൂക്കളുടേയും ഇതളുകളുടെ എണ്ണം ഏതെങ്കിലും Fibonacci number ആയിരിക്കും. ഒരു റോസാപ്പൂവോ ലില്ലിപ്പൂവോ ഒന്നു പരിശോധിക്കുക. വൃക്ഷങ്ങളുടെ ചില്ലകൾ വളർന്ന് പെരുകുന്നതും വള്ളിചെടികൾ പടർന്ന് കയറുന്നതും ഈ സംഖ്യാശ്രേണിയിലാണ്. ഒരു വള്ളിച്ചെടിയും അവയുടെ ഒരു ഇല മറ്റൊരു ഇലയെ സൂര്യപ്രകാശത്തിൽ നിന്നും മറയ്ക്കാത്ത രീതിയിലാണ് ഇലകളുടെ ക്രമീകരണം. എതിർ ഘടികാരദിശയിൽ ഇവയുടെ പടർന്നു കയറ്റം 137.5° ആയിരിക്കും. ഇത് 1.618 എന്ന് അനുപാതത്തിൽ വൃത്താകാരത്തിൽ നിന്നും വെട്ടിയെടുത്തതാണ്. സൂര്യകാന്തിപൂവിന്റെ കേന്ദ്രമുകുളങ്ങൾ, കൈതച്ചക്കയുടെ പരുക്കൻ പുറത്തെ ഗണിത സൗന്ദര്യം, അങ്ങനെ നമ്മുടെ കണ്ണെത്തുന്ന വൃക്ഷലതാദികളിലൊക്കെ ഈ ദൈവിക അനുപാതം കൗതുകകരമായി പതിഞ്ഞിട്ടുണ്ട്.

ജന്തുലോകം

Zebra -യുടെ നിറം വെളുപ്പാണ്. അവയിൽ കറുത്ത വരകൾ കണ്ടിട്ടില്ലേ. അവ തമ്മിലുള്ള അനുപാതം 1.618 ആണ്. മയിലിനേക്കാൾ നമുക്ക് പ്രിയം മയിൽപ്പീലികളോടാണ്. ഒരു മയിൽപ്പീലിയിൽ 12 Divine proportion ഉണ്ട്. ഇതാണ് മയിൽപ്പീലിയെ മനോഹരമാക്കുന്നത്. ഉറുമ്പിന്റെ ശരീരഘടന, ചിത്രശലഭം, മനോഹരമായ പവിഴപ്പുറ്റുകൾ, കിളികളുടെ നിറങ്ങൾ ഇവയിലൊക്കെ ദൈവിക അനുപാതത്തിന്റെ മുദ്രകൾ പതിഞ്ഞിട്ടുണ്ട്. ഓംകാര നാദം പുറപ്പെടുന്ന ശംഖ് ഈ സംഖ്യാശ്രേണിയിൽ പ്രകൃതി കൃത്യമായി നിർമ്മിച്ചെടുത്തിട്ടുള്ളതാണ്. മുയലുകൾ പെറ്റു പെരുകുന്നതും തേനീച്ചക്കൂട്ടിൽ മടിയന്മാർ (Drones) പെരുകുന്നതും ഫിബൊനോസി ശ്രേണിയിലാണ്.

മനുഷ്യസൃഷ്ടിയിലെ വിസ്മയം

മനുഷ്യ ശരീരഘടനയിൽ നൂറു കണക്കിന് ദൈവിക അനുപാതങ്ങൾ ഉണ്ട്. 'കണ്ണുകളുടെ സൗന്ദര്യം' എന്ന് പറയാറില്ലേ? ഒരു കണ്ണിന്റെ വെള്ളയുടെ അകലവും രണ്ട് കണ്ണുകൾ തമ്മിലുള്ള അകലത്തിന്റെ അനുപാതവും 1.618 – നോട് അടുക്കുമ്പോഴാണ് ആ കണ്ണുകൾക്ക് സൗന്ദര്യം ഉണ്ട് എന്ന് നമുക്ക് തോന്നുന്നത്. പുഞ്ചിരിയുടെ സൗന്ദര്യവും മറ്റൊന്നല്ല. നമ്മുടെ പല്ലുകളുടെ ക്രമീകരണവും ഈ ശ്രേണിയെ ആശ്രയിച്ചാണ്. മുഖം നോക്കാൻ നല്ല കണ്ണാടി വേണം. ആറന്മുള കണ്ണാടി വാങ്ങണമെന്നില്ല. കണ്ണാടിയിൽ മുഖം കൃത്യമായി പ്രതിഫലിക്കണമെങ്കിൽ കണ്ണാടിയുടെ അളവ്- നീളം/വീതി= 1.618033 ആയിരിക്കണം. ഇത് മാത്രമല്ല. കൈകാലുകളുടെ നീളം, ഹൃദയസ്പന്ദനം, Brain - le pulse ഇവയൊക്കെ 1.618 എന്ന ദൈവിക അനുപാതത്തിന്റെ പിടിയിലാണ്.

അത്ഭുതങ്ങളിലെ അത്ഭുതം

ഗിസയിലെ പിരമിഡ്, റോമിലെ കൊളോസിയം, ചൈനീസ് വൻമതിൽ ഇവയുടെ നിർമ്മാണത്തിൽ ഒളിച്ചിരിക്കുന്ന രഹസ്യം ഈ ദൈവിക അനുപാതം തന്നെ. ഡാവിഞ്ചിയുടെ മോണോലിസ, ലാസ്റ്റ് സപ്പർ എന്നീ ലോകപ്രസിദ്ധ ചിത്രങ്ങളുടെ രചനയിലും ഈ Ratio ഉപയോഗിച്ചിരിക്കുന്നു. മോണോലിസയുടെ മുഖഭാവം വിഷാദമാണോ ആനന്ദമാണോ എന്ന് നൂറ്റാണ്ടുകളായി പിടികിട്ടാത്തത് ആ മുഖം Golden rectangular എന്ന ഈ Ratio ക്കുള്ളിൽ വരച്ചെടുത്തതുകൊണ്ടാണ്. രാജാ രവിവർമ്മ ചിത്രങ്ങളിലും ഈ അനുപാതം തന്നെ. സംഗീതത്തിന്റെ മാധുര്യം എന്നു കേട്ടിട്ടില്ലേ. ദൈവിക അനുപാതത്തിൽ നിർമ്മിച്ച വാദ്യോപകരണങ്ങൾ ഉപയോഗിക്കുമ്പോൾ സംഗീതത്തിനു മാധുര്യം ഉണ്ടാകും. പിയാനോ keyboard-ലെ ഒരു ഗണം (13 keys) പരിശോധിക്കൂ. അതിൽ 8 White key-യും 5 black key -യും ഉണ്ടാകും. ഇവ Fibionacci series-ൽ ആണല്ലോ. ഗിറ്റാറിന്റെ നിർമ്മാണത്തിന് ഉപയോഗിക്കുന്ന അളവും മറ്റൊന്നല്ല.

ഭാഷയിൽ പോലും ദൈവിക അനുപാതത്തിന്റെ മാസ്മരികത കാണാം. English ഭാഷയിൽ അക്ഷരമാലയിൽ ഏറ്റവും ഉപയോഗമുള്ള അക്ഷരം E ആണ്. E എഴുതുമ്പോൾ നാം അറിയാതെ തന്നെ 1.618 എന്ന അനുപാതത്തിലാണ് വരകൾ കുറിക്കുന്നത്. 4 Line book-ൽ E, F, B ഈ അക്ഷരങ്ങൾ കൃത്യമായി എഴുതി പഠിക്കാൻ പറ്റില്ല എന്നതാണ് സത്യം. Hydrogen atom -ന്റെ Bohrladian-ലും DNA - ലെ ജനിറ്റിക് Sequence -ലും ഗ്രഹങ്ങളുടെ ചലന വേഗതയും ദൈവിക അനുപാതത്തിലാണ്.

ആധുനിക ലോകത്തിലെ കാഴ്ചകൾ

ലോകത്ത് ഏറ്റവും ബഹുമാനിക്കപ്പെടുന്ന കമ്പനിയാണ് TOYOTA. Toyota-യുടെ ലോഗോ Golden Ratio -യിൽ ആണ്. കുട്ടികളുടെ കൂട്ടുകാരൻ DISNEY-യെ നോക്കുക. ഒരു CD Disk പരിശോധിക്കുക. Credit card-ന്റെ അളവ് ഒന്നെടുക്കുക (54 mm and 86 mm). എല്ലാം അനുപാതം ഒന്നുതന്നെ 1.6.

പഴയനിയമത്തിലേക്കൊന്ന് തിരികെ പോകാം

നോഹയുടെ പെട്ടകത്തിന്റെ അളവ് ശ്രദ്ധിക്കുക. വീതി 50 മുഴം ഉയരം 30 മുഴം. 50/ 30 = 1.6

മോശ നിർമ്മിച്ച തിരുനിവാസം. 2 1/2 മുഴം നീളം 1 1/2 മുഴം വീതി. അനുപാതം= 1.6

യാഗപീഠത്തിന്റെ അളവ്. 5 മുഴം വീതി 3 മുഴം ഉയരം 5/3= 1.6.

ഇതാണ് ദൈവിക അനുപാതം

എന്താണ് സൗന്ദര്യം?

സൗന്ദര്യം എന്നൊന്നില്ല എന്നും സൗന്ദര്യ സങ്കൽപ്പങ്ങൾ മാത്രമേ ഉള്ളൂ എന്നും പ്രഖ്യാപിച്ച തത്ത്വചിന്തകന്മാർ തിരുത്തേണ്ടിവരും. 'എല്ലാം മായ' എന്ന ശലോമോന്റെ വാക്കുകളെയും സൂക്ഷ്മമായി നോക്കണം. ദൈവം സൃഷ്ടിച്ച മനുഷ്യനിൽ കുടികൊള്ളുന്ന ദൈവിക അനുപാതവും മറ്റ് സൃഷ്ടികളിലെ ദൈവിക അനുപാതവും പഞ്ചേന്ദ്രിയങ്ങൾക്ക് അനുപൂരകമാകുന്നതാണ് സൗന്ദര്യം. ദൈവം ഈ ചരാചര പ്രപഞ്ചത്തെ മനോഹരമായി സൃഷ്ടിച്ചത് ദൈവിക അനുപാതം എന്ന മാത്തമാറ്റിക്സിലാണ്. "ആകാശം ദൈവത്തിന്റെ മഹത്വത്തെ വർണ്ണിക്കുന്നതും ആകാശത്തട്ട് അവന്റെ കൈവേലകളെ പ്രസിദ്ധമാക്കുന്നതും ഇങ്ങനെയാണ്." ഇത് ദൈവഗണിതം.

വനിതാ വേദി

സ്ത്രീ ജ്ഞാനമുള്ളവളോ?

മറിയാമ്മ കുര്യൻ കാഞ്ഞിരത്തുംമ്മൂട്ടിൽ

സ്ത്രീകളിൽ ജ്ഞാനമുള്ളവർ തന്റെ വീട് പണിയുന്നു. ഭോഷത്യമുള്ളവളോ അത് സ്വന്ത കൈകളാൽ പൊളിച്ചു കളയുന്നു.

ജ്ഞാനികളിൽ ജ്ഞാനിയായിരുന്ന ശലോമോന്റെ സദൃശ്യ വാക്യങ്ങൾ 14- ാം അദ്ധ്യായത്തിന്റെ ആദ്യ വാക്യമാണിത്. എത്ര സുന്ദരമായ വാക്യം. ശലോമോൻ ആരെ ഉദ്ദേശിച്ചാണ് ഇത് പറഞ്ഞിരിക്കുന്നത്. നൂറ്റാണ്ടുകൾക്കു മുമ്പ് എഴുതിയ ഈ വാക്യം ഇന്നത്തെ യുഗത്തിൽ എത്ര അർത്ഥവത്താണ്. മാനുഷിക മൂല്യങ്ങൾക്ക് വിലയില്ലാത്ത ഈ യുഗത്തിൽ ഓരോരുത്തരും അവരവരുടേതായ സ്വാർത്ഥബോധത്തിൽ ഉൾത്തിരിയുന്ന ഈ യുഗത്തിൽ പാശ്ചാത്യ സംസ്ക്കാരം നമ്മുടെ തലമുറയെ നശിപ്പിക്കുന്നു. ഈ യുഗത്തിൽ ഈ വാക്യം എത്ര വളരെ വിലപ്പെട്ടതാണ്? സ്ത്രീയുടെ കഴിവ്, അവളുടെ ബുദ്ധി, അവളുടെ വിവേകം, സ്നേഹം ഇതെല്ലാം നല്ല രീതിയിൽ ഉപയോഗിച്ചാൽ മാത്രമേ തന്റെ വീട് പണിയുവാൻ സാധിക്കുകയുള്ളു. വിശുദ്ധ മാതാവ് വീട് പണിയുവാൻ നമുക്ക് മാതൃകയാണ്. കാനാവിലെ കല്യാണത്തിന് വീഞ്ഞ് തികയാതെ വന്ന അവസ്ഥ ആദ്യം മനസ്സിലാക്കിയത് മാതാവാണ്. ദൈവവിശ്വാസത്തിൽ വീട് പണിത മറ്റൊരു സ്ത്രീ ഉണ്ട്, വി. അഗസ്തീനോസിന്റെ അമ്മ മോണിക്ക. വി. അഗസ്തീനോസിന്റെ പാപജീവിതത്തിൽ നിന്ന് മാതാവ് വി. മോണിക്കയുടെ നിരന്തര പ്രാർത്ഥ മൂലം അദ്ദേഹത്തിന് വിടുതൽ ലഭിക്കുവാനിടയായി.

വി: ലൂക്കോസിന്റെ സുവിശേഷം 21-ാം അദ്ധ്യായം 1 മുതൽ 4 വരെയുള്ള വാക്യങ്ങൾ വിധവയുടെ ചില്ലിക്കാശിനെ യേശു പുകഴ്ത്തുന്നു. ദൈവത്തിന്റെ നോട്ടത്തിൽ നാം കൊടുക്കുന്ന തുകയല്ല വലുത്, മറിച്ച് അതിനുള്ള സന്മനസ്സിനാണ് പ്രധാന്യം. ദൈവ സ്നേഹത്തിൽ മറ്റുള്ളവരെ നമ്മുടെ സഹോദരങ്ങളായി കണ്ട് ജീവിക്കുന്നതാണ് ഉത്തമം.1 കൊരിന്ത്യർ 13-ൽ പറയുന്നു. നമുക്ക് എന്തെല്ലാം വരം ഉണ്ടായിരുന്നാലും സ്നേഹം ഇല്ലെങ്കിൽ ഒന്നുമില്ല. വരും തലമുറയ്ക്ക് ഉത്തമ മാതൃകയായിത്തീരുന്ന സ്ത്രീകളിൽ ജ്ഞാനമുള്ളവൾ, തന്റെ വീട് പണിയും തീർച്ച.

❑

കവിത

ബഥനിയുടെ ബലം

I

ആശ്രമം മൂന്നുണ്ടടുത്തടുത്തായ്
ആതുരാശ്രമം നല്ലൊരു ഹോമിയോ കോളജായി
അദ്വൈത വിദ്യാശ്രമമാം പാഠശാലയോ
അറിവു പകർന്നു കൊടുക്കുന്നനേകർക്കായ്
അതിനുടെ ചാരത്തായ് കാണാം നമുക്ക്
ആത്മീയ നിറവുള്ളാശ്രമമൊന്ന്
അതിനുടെ പേരാണ് 'ബഥനി'യെന്ന്
അവിടെയുണ്ടാചാര്യ ശ്രേഷ്ഠനൊന്ന്
ബഥനിക്കു ബലം പകരുന്നതോ
ബഹുമാന്യനായ 'ജോസഫ്'ച്ചനല്ലോ
ബഹളങ്ങളില്ലാതെ ശാന്തനായ്
ബദ്ധപ്പാടൊക്കെ സഹിച്ചാതച്ചൻ
അമ്പതു വർഷം പിമ്പോട്ടു നോക്കാം
അന്നൊക്കെ കാടു പിടിച്ചു കിടന്നിടം
അച്ചന്റെ പ്രാർത്ഥനയും പരിശ്രമവും
അതിനെ സുന്ദരമാക്കി സമ്പന്നവും
കാവി വസ്ത്രം ധരിച്ചു കൊണ്ട്
കഴുത്തിൽ കുരിശുള്ള ചരടിട്ട്
കപ്പയും വാഴയും കാച്ചിലുമൊക്കെ
കഷ്ടപ്പെട്ടങ്ങു കൃഷി ചെയ്യുമച്ചൻ
മൺകൊണ്ടു നിർമ്മിച്ച കയ്യാലയൊക്കെ
മഴയാൽ കുതിർന്നങ്ങിടിഞ്ഞിടുമ്പോൾ
മൺ വെട്ടിയാലതു കോരിയിട്ട്
മടിക്കൂടാതങ്ങിടിച്ചുറപ്പിക്കുമച്ചൻ
കള്ളം പറയുകയല്ല ഞാനെന്റെ
കൺകൊണ്ടു കണ്ടൊരു കാഴ്ചയാണേ
കർമ്മ നിരതനായ് ജോലി ചെയ്തു
കർത്താവു കനിഞ്ഞനുഗ്രഹിച്ചു

II

ബഥനി വളർന്നു ബലവത്തായി
ബഹുമുഖശാഖകളായുയർന്നു
ബഹുനിലകെട്ടിടം പണിതുവല്ലോ
'ബഥാനിയൻ'സും സഹായത്തിനെത്തി
പ്രത്യാശയില്ലാത്തവർക്കാശ്രയമായ്
'പ്രത്യാശാഭവന'മൊന്നുണ്ടായവിടെ
'പ്രസ്ക്കില്ല സിസ്റ്ററിൻ' സേവനങ്ങൾ
പ്രത്യേകമായിട്ടങ്ങറിയണം നമ്മളെല്ലാം

'Helan'എന്ന സീനിയർ സിസ്റ്ററുണ്ട്
Help ഉം ആയ് ഓടി നടക്കുന്നുണ്ടെവിടെയും
Happy യാണെല്ലാർക്കും അവിടെയിപ്പോൾ
Heart ൽ വിശുദ്ധി നിറഞ്ഞിടട്ടെ
വാത്സല്യ മക്കൾ വിദേശത്താകയാൽ
വൃദ്ധ ജനങ്ങളൊറ്റക്കിരീക്കാതെ
'വിശ്രാന്തി' ഭവനത്തിൽ വിശ്രമിക്കാൻ
വേണ്ടുന്ന സൗകര്യം ഉണ്ടവിടെ
മൂന്നു നോമ്പിൻ ദിവസങ്ങൾ മൂന്നും
മാന്യരാം വ്യക്തികൾ 'വചനം' പറയും
മുറ്റത്തും അത്തിചുവട്ടിൽ പോലും
മദ്ധ്യാഹ്ന പ്രാർത്ഥന വരയുമുണ്ടാളുകൾ
കുഴിമറ്റം പള്ളിക്കുകൂട്ടാളിയാണച്ചൻ
കുറവുകളൊക്കെയും തീർത്തു തരും
കുർബ്ബാന കുമ്പസാരാദികളെല്ലാം
കർത്താവിലാശ്രിച്ചർപ്പിച്ചിടും
ആഗസ്റ്റു മാസം അഞ്ചാം ദിനത്തിൽ
അക്കലെയാ പെരുനാട്ടിൽ നടന്ന ശുശ്രൂഷയിൽ
അച്ചന്റെ തലയിലെ തൊപ്പി മാറ്റി
അണിയിച്ചു ശിരോവസ്ത്രമൊന്ന്
'മസനപ്സാ' സ്വീകരിച്ചന്നു മുതൽ
മുനിശ്രേഷ്ഠൻ റമ്പാച്ചനായി മാറി
മോദമുണ്ടാ വാർത്ത കേട്ടവർക്കെല്ലാം
മൗനമായ് പ്രാർത്ഥിക്കാമനുഗ്രഹമാരി
-ക്കായ്

അന്നമ്മ കുറിയാക്കോസ്
ചിറപ്പുറത്ത്

നവദമ്പതികൾക്ക് ആശംസകൾ

മഠത്തിറമ്പിൽ എം. കെ. കുറിയാക്കോസിന്റെയും മറിയാമ്മയുടെയും മകൾ **ടിനുവും** ആലുവാ കുറ്റിക്കാട്ടുകര തൈപ്പറമ്പിൽ ടി. ഇ. ചെറിയാന്റെയും അന്നമ്മയുടെയും മകൻ **അലക്സും**.

എണ്ണശ്ശേരിൽ എരുമത്താനത്ത് മാത്യു എം. ജോർജ്ജിന്റെയും ശോശാമ്മയുടെയും മകൾ **രേഖയും** മണ്ണുത്തി കൊടുവേലിൽ ചിറപ്പുറത്ത് സി. വി. തോമസിന്റെയും ശാന്തമ്മയുടെയും മകൻ **സാമും**.

മാടപ്പാട്ട് (എരുമത്താനം) ജേക്കബ് വർഗീസിന്റെയും പൊന്നമ്മയുടെയും മകൾ **മെറിനും** ചെങ്ങന്നൂർ മുളക്കുഴ പാലനിൽക്കുന്നതിൽ പി. എസ്. ജോണിന്റെയും ഏലിയാമ്മയുടെയും മകൻ **ജൂബിയും**.

കൊച്ചുപറമ്പിൽ കെ. എം. സ്കറിയയുടെയും ഏലിയാമ്മയുടെയും മകൻ **ജോബിയും** ഹരിപ്പാട് ചാവടിയിൽ സി. ജി. ബേബിയുടെയും പൊന്നമ്മയുടെയും മകൾ **ജിനിയും**.



തടത്തിൽപറമ്പിൽ (ചാലുവേലിൽ മറ്റത്തിൽ) ടി. എ. ഏലിയാസിന്റെയും ഏലിയാമ്മയുടെയും മകൻ **സിബിയും** വെങ്കോട്ട ചേരകുളത്ത് സി. എം. മാത്യുവിന്റെയും ലീലാമ്മയുടെയും മകൾ **ഷൈനിയും**.



പാട്ടത്തിൽ പുത്തൻപുരയ്ക്കൽ പി. ഐ. തോമസിന്റെയും അച്ചാമ്മയുടെയും മകൾ **രശ്മിയും** കുമ്പനാട് കരിപ്പുറത്ത് പുത്തൻവീട്ടിൽ ജേക്കബ് സണ്ണി ജോർജ്ജിന്റെയും സാലിയുടെയും മകൻ **ഷീനുവും.**

പട്ടശ്ശേരിൽ പാലമൂട്ടിൽ പരേതനായ പി. എ. ജോർജ്ജിന്റെയും അന്നമ്മയുടെയും മകൻ **തോമസും** പള്ളം പാറേക്കടവിൽ തകടിയിൽ ജോൺ മാത്യുവിന്റെയും ആലീസിന്റെയും മകൾ **ജോയ്സിയും**.

പുകടിയിൽ പി. റ്റി. രാജുവിന്റെയും അമ്മിണിയുടെയും മകൻ **റോബിനും** ഏറ്റുമാനൂർ വെട്ടിമുകൾ വാക്കത്തുമാലിൽ വി. ഡി. ജോർജ്ജിന്റെയും ഷേർളിയുടെയും മകൾ **ആൽബിനും**.

മാമ്മൂട്ടിൽ എം. ഐ. തോമസിന്റെയും അന്നമ്മയുടെയും മകൻ **സിബിയും** പാലക്കാട് വാഴമ്പുറം മുക്കിടിക്കാട്ടിൽ ഏബ്രഹാമിന്റെയും മറിയാമ്മയുടെയും മകൾ **ബിന്ദുവും**.



കൊച്ചുപറമ്പിൽ പരേതനായ കെ. വി. മാത്യുവിന്റെയും ഓമനയുടെയും മകൾ **സ്മിതയും** റാന്നി ചെല്ലക്കാട് മണ്ണിൽ എം. സി. വർഗീസിന്റെയും സൂസമ്മയുടെയും മകൻ **ജോസിയും**.

Printed and Published by Fr. A. V. Varghese, President St. George Youth Movement, Kuzhimattom. Editor: Renju K. Mathew, Karottu Puthenpurackal, Kuzhimattom P. O. Mob: 9447161156
Printed at Sophia Print House, Thekkenada, Kottayam, Ph: 3255054, 99471 20697